# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5027** **30/06/2014-ൽ മറുപടിയ്ക്ക്**

## ആലപ്പുഴ ജില്ലയിലെ മത്സ്യസമൃദ്ധി പദ്ധതി

| ചോദ്യം<br>ശ്രീ. ജി. സുധാകരൻ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) മത്സ്യസമൃദ്ധി പദ്ധതി പ്രകാരം എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കാമോ; | (എ) കുളത്തിലേയും ഇതര ജലസംഭരണികളിലേയും ശുദ്ധ ജല മത്സ്യകൃഷി, പാടശേഖരങ്ങളിലേയും കോൾ പാട ങ്ങളിലേയും മത്സ്യ/ആറ്റുകൊഞ്ച് കൃഷി, സംയോജിത മത്സ്യകൃഷി, പൊക്കാളി / കൈപ്പാട് നിലങ്ങളിലേയും സ്വകാര്യ കുളങ്ങളിലേയും ചെമ്മീൻകൃഷി, കരിമീൻ വിത്തുപരിപാലന വില്പന യൂണിറ്റുകൾ (പി. എസ്. ആർ. യു.), കുളങ്ങളിലെ കരിമീൻകൃഷി, കൂടുകളിലെ കരിമീൻകൃഷി, അടുക്കള കുളത്തിലെ കരിമീൻകൃഷി, ഞണ്ട് കൊഴുപ്പിക്കൽ / കൃഷി, കല്ലുമ്മേക്കായ കൃഷി, പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്ന തിനുള്ള പദ്ധതികൾ., മത്സ്യകൃഷി പരിശീലന / ബോധ വത്കരണ പരിപാടികൾ, സൗജന്യ വിള ഇൻഷ്വറൻസ്, മികച്ച മത്സ്യകർഷകർക്കും, തദ്ദേശസ്വയംഭരണ സ്ഥാപ നങ്ങൾക്കും നൽകുന്ന അവാർഡ്, മത്സ്യകൃഷിക്കാവശ്യ മായ അടിസ്ഥാന സൗകര്യ വികസനം, മത്സ്യതീറ്റ സബ്സിഡി വിതരണം, കർഷകർക്കാവശ്യമായ കൈപ്പു സ്തകം തയ്യാറാക്കൽ. |
| (ബി) 2013-14 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി നീക്കി വെച്ച തുകയുടെ ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ; | (ബി) |

| ക്രമ നം. | ജില്ല | സംസ്ഥാന വിഹിതം (ലക്ഷത്തിൽ) | എഫ്. എഫ്. ഡി. എ. വിഹിതം (ലക്ഷത്തിൽ) | ആർ. കെ. വി. വൈ വിഹിതം (ലക്ഷത്തിൽ) | ആകെ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 35 | 10 | 30 | 75 |
| 2 | കൊല്ലം | 25 | 25 | 80 | 130 |
| 3 | പത്തനംതിട്ട | 15 | 10 | 20 | 45 |
| 4 | ആലപ്പുഴ | 70 | 40 | 260 | 370 |
| 5 | കോട്ടയം | 25 | 30 | 80 | 135 |
| 6 | ഇടുക്കി | 20 | 10 | 25 | 55 |
| 7 | എറണാകുളം | 30 | 35 | 80 | 145 |
| 8 | തൃശ്ശൂർ | 50 | 35 | 100 | 185 |
| 9 | പാലക്കാട് | 50 | 10 | 40 | 100 |
| 10 | മലപ്പുറം | 25 | 40 | 60 | 125 |
| 11 | കോഴിക്കോട് | 15 | 10 | 30 | 55 |
| 12 | കണ്ണൂർ | 15 | 20 | 50 | 85 |
| 13 | വയനാട് | 15 | 5 | 15 | 35 |
| 14 | കാസർഗോഡ് | 10 | 10 | 30 | 50 |
| | ആകെ | 400 | 290 | 900 | 1590 |

(സി) പ്രസ്തുത പദ്ധതി പ്രകാരം അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(സി) പദ്ധതിയുടെ ഒന്നാം വർഷത്തിൽ (2012-13) അമ്പലപ്പുഴ പഞ്ചായത്തിൽ നടപ്പിലാക്കിയ പ്രവർത്തനം ചുവടെ ചേർക്കുന്നു.

- ശുദ്ധജല മത്സ്യകൃഷി നടപ്പിലാക്കിയ ഏരിയ - 55.54 ഹെക്ടർ
- ശുദ്ധജല മത്സ്യകൃഷിയുടെ ആനുകൂല്യം ലഭിച്ച കർഷകരുടെ എണ്ണം - 547
- കർഷകർക്ക് വിതരണം നടത്തിയ കരിമീൻ കുഞ്ഞുങ്ങളുടെ എണ്ണം - 4650
- കരിമീൻ കൃഷിയുടെ ആനുകൂല്യം ലഭിച്ച കർഷകരുടെ എണ്ണം - 32
- കൂടുകളിലെ കരിമീൻ കൃഷിയുടെ ആനുകൂല്യം ലഭിച്ച കർഷകരുടെ എണ്ണം - 6
- കരിമീൻ വിത്തുൽപാദന യൂണിറ്റ് ആനുകൂല്യം ലഭിച്ച കർഷകരുടെ എണ്ണം - 5

മത്സ്യസമൃദ്ധി പദ്ധതിയുടെ രണ്ടാം വർഷത്തിൽ (2013-14 ൽ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ അഞ്ചു പഞ്ചായത്തുകളിലായി 41.06 ഹെക്ടർ ഏരിയയിൽ 131 കർഷകർക്കായി 345500 മത്സ്യവിത്ത് ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | മത്സ്യവിത്ത് നിക്ഷേപിച്ച ഏരിയ | നിക്ഷേപിച്ച മത്സ്യവിത്തിന്റെ എണ്ണം | കർഷകരുടെ എണ്ണം |
|---|---|---|---|
| അമ്പലപ്പുഴ (നോർത്ത്) | 10.08 | 92800 | 32 |
| അമ്പലപ്പുഴ (സൗത്ത്) | 4.86 | 38000 | 5 |
| പുന്നപ്ര (സൗത്ത്) | 3.48 | 34800 | 28 |
| പുന്നപ്ര (നോർത്ത്) | 8.12 | 65400 | 30 |
| ആലപ്പുഴ (മുനിസിപ്പാലിറ്റി) | 14.52 | 114500 | 36 |
| ആകെ | 41.06 | 345500 | 131 |

സെക്ഷൻ ആഫീസർ